വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുന്നതോടൊപ്പം സ്പെഷ്യൽ സ്കൂളുകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഐ.സി.ടി.@സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യങ്ങളും ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കുള്ള മറ്റു സൗകര്യങ്ങളും ഒരുക്കിയതിനോടൊപ്പം കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കും ഈ സൗകര്യങ്ങളെല്ലാം വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിട്ടുണ്ട്. കൂടാതെ കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾക്കു വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പഠനപ്രവർത്തനങ്ങൾക്ക് ലളിതവും ആയാസരഹിതവും അക്കിതീർക്കുന്നതിന് ഐ.സി.ടി-യുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പ്രത്യേക പരിഗണന ആവശ്യമുള്ള സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിന് പ്രത്യേക ഐ.സി.ടി. അധിഷ്ഠിത സംവിധാനങ്ങൾ ഒരുക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

(സി) സംസ്ഥാനത്ത് ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഐ.ടി.@സ്കൂൾ പ്രോജക്ടാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്.

(ഡി) സ്പെഷ്യൽ സ്കൂളുകളിലേക്ക് ഐ.സി.ടി. അനുബന്ധ ഉപകരണങ്ങളും ഐ.സി.ടി.@ സ്കൂൾ പദ്ധതി ആരംഭിച്ച 2007-08 അധ്യയനവർഷം മുതൽ നടപ്പിലാക്കി വരികയാണ്.

ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി

29(*419) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സാജു പോൾ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കമ്പനിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; ഇത് എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) കമ്പനി വ്യാജരേഖ ചമച്ച് മറിച്ച വിറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ആദ്യഘട്ടമായി കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള 29185 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C)33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്ത കൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുള്ള റിക്കാർഡുകൾ പ്രകാരം ആകെ 62548 ഏക്കർ ഭൂമിയുണ്ട്.

(സി) ഉണ്ട്.

ഏകാദ്ധ്യാപകരുടെ ജോലി സുരക്ഷ

30(*420) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുന്നതിനുള്ള സർക്കാർ ഉത്തരവ് എന്നാണ് പുറത്തിറങ്ങിയത്; ഉത്തരവിന്റെ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly